**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1572** **22.03.2013-ൽ മറുപടിയ്ക്ക്**

## ഗ്രാമപഞ്ചായത്ത് മേഖലയിലെ ശ്മശാന നിർമ്മാണം

| ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ | | ഉത്തരം<br>ശ്രീ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | 2012-13 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് എത്ര തുക വകയിരുത്തുകയുണ്ടായി; | (എ) | 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ 5 കോടി രൂപ പൊതുശ്മശാന നിർമ്മാണത്തിനും നവീകരണത്തിനും വേണ്ടി സർക്കാർ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായാണോ ഗ്രാന്റായാണോ നൽകുന്നത് ; | (ബി) | ഗ്രാമപഞ്ചായത്തുകൾക്ക് പൊതുശ്മശാന നിർമ്മാണത്തിനുള്ള ധനസഹായം സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ഗ്രാന്റായാണ് നൽകുന്നത്. |
| (സി) | നടപ്പു സാമ്പത്തിക വർഷം ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്ക് പ്രസ്തുത പദ്ധതിക്ക് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുണ്ട്; | (സി) | 2012-13 വർഷത്തിൽ പൊതുശ്മശാന നിർമ്മാണ ധനസഹായത്തിന് തെരഞ്ഞെടുത്ത 51 ഗ്രാമ പഞ്ചായത്തുകളിൽ താഴെപ്പറയുന്ന 17 ഗ്രാമപഞ്ചായത്തുകൾക്ക് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുണ്ട്. |

| ക്രമ നം. | ജില്ല | ഡി.പി.സി. അംഗീകാരം ലഭിച്ച ഗ്രാമ പഞ്ചായത്തുകൾ |
|---|---|---|
| 1 | പത്തനംതിട്ട | ചിറ്റാർ |
| 2 | ആലപ്പുഴ | അരൂർ |
| 3 | കോട്ടയം | ടി.വി. പുരം |
| 4 | എറണാകുളം | എടത്തല, മുളന്തുരുത്തി |
| 5 | തൃശ്ശൂർ | വടക്കേക്കാട്, കാട്ടകാമ്പൽ, തോളൂർ, വെങ്കിടങ്ങ്, എളവള്ളി |
| 6 | പാലക്കാട് | പുതുപ്പരിയാരം, അനങ്ങനടി |

<table>
<tr><td></td><td></td><td></td><td><table><tr><td>7</td><td>കണ്ണൂർ</td><td>ചെമ്പിലോട്, കോളയാട്, കൂടാളി, കുറ്റ്യാട്ടൂർ</td></tr><tr><td>8</td><td>കാസർഗോഡ്</td><td>ഉദുമ</td></tr></table></td></tr>
<tr><td>ഡി)</td><td>ഒരു ശ്മശാനം നിർമ്മിക്കുന്നതിന് എത്ര തുക ചെലവഴിയ്ക്കുവാനാണ് അനുമതി നൽകിയിട്ടുള്ളത്?</td><td>(ഡി)</td><td>പൊതുശ്മശാന നിർമ്മാണത്തിനു വേണ്ടി അതത് ഗ്രാമപഞ്ചായത്തുകൾക്ക് വാർഷിക പദ്ധതിയിലുൾപ്പെടുത്തി എസ്റ്റിമേറ്റിനനുസൃതമായി തുക ചെലവഴിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് ഓരോ ഗ്രാമപഞ്ചായത്തിനും 10 ലക്ഷം രൂപ വീതമാണ് സർക്കാർ ധനസഹായമായി നൽകുന്നത്.</td></tr>
</table>

**സെക്ഷൻ ഓഫീസർ**